പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 559 11.06.13-ൽ മറുപടി പറയേണ്ടിയിരുന്നത്

"നികുതി വെട്ടിപ്പുകൾ സംബന്ധിച്ച കേസുകൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വില്പന നികുതി, ആഡംബര നികുതി, കാർഷികാദായ നികുതി, അന്യ സംസ്ഥാന ലോട്ടറി നികുതി തുടങ്ങിയവയിലെ നികുതിവെട്ടിപ്പുകൾ സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | 2012-13-ൽ 97963 കേസുകളും 2013-14 (മേയ് 31 വരെ) 16307 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ എത്ര; | (ബി) | ചോദ്യ കാലയളവിൽ പ്രസ്തുത കേസുകളിൽ ആർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ എടുത്തിട്ടില്ല. പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികളാണ് കൈക്കൊണ്ടത്. |
| (സി) | എത്ര കോടിരൂപയുടെ നികുതി വെട്ടിപ്പുകളാണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | (സി) | ചോദ്യ കാലയളവിൽ, 216.40 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളത്. പ്രോസസ്സിംഗിലിരിക്കുന്ന കേസുകളിൽ നികുതി വെട്ടിപ്പ് തുക തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | നികുതി വെട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥന്മാരിൽ എത്ര പേർ ഈ കാലയളവിൽ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുണ്ട്? | (ഡി) | ചോദ്യ കാലയളവിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് '23' ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.